**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1905** **11-10-2024 - ൽ മറുപടിയ്ക്ക്**

**സ്പോർട്സ് കേരള ഫൗണ്ടേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സ്പോർട്സ് കേരള ഫൗണ്ടേഷന്റെ (എസ്.കെ.എഫ്.) എൻജിനീയറിങ് വിഭാഗത്തിലും ഓപ്പറേഷൻ വിഭാഗത്തിലുമായി എത്ര ജീവനക്കാർ ജോലി ചെയ്തു വരുന്നുണ്ടെന്നുള്ള വിവരം തസ്തിക തിരിച്ച് നൽകുമോ; | (എ) | സ്പോർട്സ് കേരള ഫൗണ്ടേഷന്റെ എഞ്ചിനീയറിംഗ് വിഭാഗത്തിലും ഓപ്പറേഷൻ വിഭാഗത്തിലുമായി 114 ജീവനക്കാരാണ് ജോലി ചെയ്തുവരുന്നത്. തസ്തിക തിരിച്ചുള്ള വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) | സ്പോർട്സ് കേരള ഫൗണ്ടേഷൻ രൂപീകരിച്ചതിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; ഇതുവരെ കൈവരിക്കാൻ കഴിഞ്ഞ പുരോഗതി സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | സ്പോർട്സ് കേരള ഫൗണ്ടേഷൻ രൂപീകരിച്ചതിന്റെ പ്രധാന ഉദ്ദേശലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1.സംസ്ഥാനത്തെ സ്പോർട്സ് ഇൻഫ്രാസ്ട്രക്ചറിന്റെ നിർമ്മാണം, അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്ന ഒരു സംയോജിത മൂലധന നിർമ്മാണ മാനേജ്മെന്റ് കമ്പനിയായി പ്രവർത്തിക്കുക.<br><br>2. സർക്കാർ അനുമതി നൽകിയതും കായിക എഞ്ചിനീയറിംഗ് വിഭാഗം നടത്തുന്നതുമായ എല്ലാ പ്രവൃത്തികളും ഏറ്റെടുത്ത് നടത്തുന്നതിനുള്ള ചുമതല.<br><br>3.കായിക യുവജനകാര്യാലയത്തിന് കീഴിലുള്ള ജിമ്മി ജോർജ്ജ് സ്പോർട്സ് ഹബ്ബ്, തിരുവനന്തപുരം കുമാരപുരം ടെന്നീസ് അക്കാഡമി, വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ച്, കായികയുവജനകാര്യാലയത്തിന് കീഴിലുള്ള വിവിധ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ എന്നിവയുടെ പരിപാലനവും നടത്തിപ്പും.<br><br>4.കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന ജില്ലാ സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണികൾ.<br><br>5.കായിക വകുപ്പിലെ കിഫ്ബി ധനസഹായത്തോടെ നടത്തുന്ന കായിക അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികളുടെ എസ്.പി.വി.യായുള്ള ചുമതല.<br><br>ഇതുവരെ കൈവരിക്കാൻ കഴിഞ്ഞ പുരോഗതി സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ അനുബന്ധം - 2 |

| | | | |
|---|---|---|---|
| | | | ആയി ചേർക്കുന്നു. |
| (സി) | എസ്.കെ.എഫ്. ന്റെ നിലവിലുള്ള ചുമതലകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (സി) | എസ്.കെ.എഫ്.ന്റെ നിലവിലുള്ള ചുമതലകൾ ചുവടെ ചേർക്കുന്നവയാണ് .<br><br>1.സർക്കാർ അനുമതി നൽകിയതും കായിക എഞ്ചിനീയറിംഗ് വിഭാഗം നടത്തിവന്നിരുന്നതുമായ എല്ലാ പ്രവൃത്തികളും ഏറ്റെടുത്ത് നടത്തുന്നതിനുള്ള ചുമതല.<br><br>2.കായിക യുവജനകാര്യാലയത്തിന് കീഴിലുള്ള ജിമ്മി ജോർജ്ജ് സ്പോർട്സ് ഹബ്ബ്, തിരുവനന്തപുരം കുമാരപുരം ടെന്നീസ് അക്കാഡമി, വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ച്, കായികയുവജനകാര്യാലയത്തിന് കീഴിലുള്ള വിവിധ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ കൂടാതെ കിഫ്ബി പദ്ധതിയിൽ പൂർത്തിയാക്കിയ കാസർഗോഡ് നീലേശ്വരം ഇ.എം.എസ് സ്റ്റേഡിയം, തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം എന്നിവയുടെ പരിപാലനവും നടത്തിപ്പും<br><br>3.കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന ജില്ലാ സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണികൾ.<br><br>4.കായിക വകുപ്പിലെ കിഫ്ബി ധനസഹായത്തോടെ നടത്തുന്ന കായിക അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികളുടെ എസ്.പി.വി.യായുള്ള ചുമതല. |
| (ഡി) | എസ്.കെ.എഫ്.-ന്റെ നിലനിൽപ്പിനും വളർച്ചയ്ക്കും ഉതകുന്ന വിധത്തിൽ ചെറുതും വലുതുമായ കൂടുതൽ സ്റ്റേഡിയങ്ങളുടെ മെയിന്റനൻസും പരിപാലനവും ഏറ്റെടുക്കുന്നതിന് എസ്.കെ.എഫ്. നടപടികൾ സ്വീകരിക്കുമോ; | (ഡി) | പ്ലാൻ ഫണ്ട്/കിഫ്ബി ഫണ്ട്/എം.എൽ.എ ആസ്തിവികസന ഫണ്ട്/ഡെപ്പോസിറ്റ് ഫണ്ട് എന്നിവ ഉപയോഗിച്ച് നിരവധി കളിസ്ഥലങ്ങൾ/ സ്റ്റേഡിയങ്ങൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന പൂർത്തിയാക്കി അതാത് സ്ഥാപന ഉടമസ്ഥർക്ക് കൈമാറിയിട്ടുണ്ട്. ഇവയിൽ പരിപാലനവും മെയിന്റനൻസും നടപ്പിലാക്കാത്ത കളിസ്ഥലങ്ങൾ / സ്റ്റേഡിയങ്ങളുടെ പരിപാലനവും മെയിന്റനൻസും സ്പോർട്സ് കേരള ഫൗണ്ടേഷൻ ഏറ്റെടുക്കുന്നത് പരിശോധിക്കുന്നതാണ്. കൂടാതെ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി പ്രകാരം അംഗീകരിച്ച് നൽകുന്ന രണ്ടാംഘട്ട ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന കളിക്കളങ്ങളുടെ നിർമ്മാണവും ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്. |
| (ഇ) | എസ്.കെ.എഫ്. ഏറ്റെടുത്ത വർക്കുകൾ ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും വളരെയധികം കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ? | (ഇ) | സംസ്ഥാനസർക്കാരിന്റെ പ്ലാൻ ഫണ്ടിൽ നിന്നും ഏകദേശം 430 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായ വിവിധ നിർമ്മാണ പ്രവൃത്തികളായ ഇൻഡോർ സ്റ്റേഡിയം/ടർഫുകൾ /സിന്തറ്റിക് ട്രാക്ക്, ഗ്രൗണ്ടുകളുടെ നിർമ്മാണവും പുനരുദ്ധാരണവും, സ്വിമ്മിംഗ് പൂൾ, നോൺ പ്ലാൻ ഫണ്ടുപയോഗിച്ച് കായിക യുവജന കാര്യാലയത്തിന്റെ |

| | | | | |
|---|---|---|---|---|
| | | | | ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ നവീകരണ / പുനരുദ്ധാരണ പ്രവൃത്തികൾ, വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ ആധുനികവത്കരണം, വിവിധ സ്കൂളുകളിലെ ഗ്രൗണ്ടുകളുടെ നവീകരണം/ നിർമ്മാണം, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ നിർമ്മാണം/നവീകരണം, സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ, ഓപ്പൺ ജിം തുടങ്ങിയ പ്രവൃത്തികളും, കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ 27 പദ്ധതികളുമാണ് സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖാന്തിരം നടപ്പിലാക്കി വരുന്നത്.<br><br>സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന നിർമ്മിക്കുന്ന കളിസ്ഥലങ്ങളുടെ മുഖ്യഘടകം മഡ് കോർട്ടാണ്. ഇതിൽ മണ്ണിന്റെ നിലവിലുള്ള എസ്.ഒ.ആർ. (Schedule of Rate) നിരക്ക് മാർക്കറ്റ് വിലയെക്കാൾ വളരെ കുറവാണ്. ഇതുമൂലം കരാറുകാർ ടെണ്ടറിൽ പങ്കെടുക്കുന്നതിന് വിമുഖത കാണിക്കുന്നുണ്ട്. ആയതിനാൽ ഒരു പ്രവൃത്തി തന്നെ 4/5 തവണ ടെണ്ടർ ചെയ്യേണ്ടിവരാറുണ്ട്. കൂടാതെ 16.03.2024 ന് പാർലമെന്റ് ഇലക്ഷൻ സംബന്ധിച്ച് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ രണ്ടു മാസത്തിലേറെക്കാലം പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനോ, ആരംഭിക്കുന്നതിനോ കഴിഞ്ഞിരുന്നില്ല.<br><br>കൂടാതെ മഡ് കോർട്ടുകളുടെ നിർമ്മാണത്തിനാവശ്യമായ മണ്ണ് കരാറുകാരന് യഥാസമയം ലഭിക്കാത്തതിനാലും കളിസ്ഥലങ്ങളുടെ പൂർത്തീകരണത്തിന് കാലതാമസമുണ്ടാകുന്നുണ്ട്. സംസ്ഥാനത്ത് ഇപ്പോൾ അനുഭവപ്പെടുന്ന കാലാവസ്ഥ വ്യതിയാനവും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ കാലതാമസത്തിന് ഇടയാക്കുന്ന ഒരു പ്രധാന ഘടകമാണ്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം-1</u>

| ക്രമ നം. | തസ്തിക | സ്ഥിരം | കരാർ | ദിവസവേതനം | പാർട്ട് ടൈം | ആകെ |
|---|---|---|---|---|---|---|
| 1 | ചീഫ് എഞ്ചിനീയർ | | 1 | | | |
| 2 | ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ | | 1 | | | |
| 3 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | | 3 | | | |
| 4 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) | | 9 | | | |
| 5 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | | 2 | | | |
| 6 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഡിസൈൻ) | | 1 | | | |
| 7 | ആർക്കിടെക്ട് | | 1 | | | |
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) | | 28 | | | |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | | 3 | | | |
| 10 | അസിസ്റ്റന്റ് എഞ്ചിനീയർ (ഡിസൈൻ) | | 1 | | | |
| 11 | ഫിനാൻസ് മാനേജർ | | 1 | | | |
| 12 | മാനേജർ (ഓപ്പറേഷൻസ്) | | 1 | | | |
| 13 | പ്രോജക്ട് മാനേജർ | | 1 | | | |
| 14 | ഡിവിഷണൽ അക്കൗണ്ടന്റ് | | 1 | | | |
| 15 | അക്കൗണ്ട്സ് ഓഫീസർ | | 1 | | | |
| 16 | എക്സിക്യൂട്ടീവ് അസിസ്റ്റന്റ് ടു എം.ഡി. ആന്റ് സി.ഇ.ഒ. | | 1 | | | |
| 17 | അസിസ്റ്റന്റ് പ്രോജക്ട് എഞ്ചിനീയർ (സിവിൽ) | | 1 | | | |
| 18 | അക്കൗണ്ടന്റ് | | 1 | | | |
| 19 | സീനിയർ ക്ലർക്ക് | | 4 | | | |
| 20 | ക്ലർക്ക് | 1 | | | | |
| 21 | ജൂനിയർ സ്പോർട്സ് ഓർഗനൈസർ | 1 | | | | |
| 22 | ക്ലർക്ക് കം ടൈപ്പിസ്റ്റ് | | 1 | | | |
| 23 | ക്ലറിക്കൽ അറ്റൻഡന്റ് | | 1 | | | |
| 24 | ഓഫീസ് അറ്റൻഡന്റ് | | 2 | | | |
| 25 | ടെന്നീസ് ഹെഡ് കോച്ച് | | 1 | | | |
| 26 | ടെന്നീസ് കോച്ച് | | 4 | | | |

| | | | | | | |
|---|---|---|---|---|---|---|
| 27 | ജിം ട്രെയിനർ | | 9 | 2 | | |
| 28 | ഷൂട്ടിംഗ് ട്രെയിനർ | | | 1 | | |
| 29 | വെന്യൂ അസിസ്റ്റന്റ് | | 2 | | | |
| 30 | ഇലക്ട്രിഷ്യൻ | | 1 | 2 | | |
| 31 | ലൈഫ് ഗാർഡ് | | 3 | 1 | | |
| 32 | കെയർ ടേക്കർ | | 1 | 2 | | |
| 33 | ക്ലീനിംഗ് സ്റ്റാഫ് | | 8 | 4 | 5 | |
| | ആകെ | 2 | 95 | 12 | 5 | 114 |

സെക്ഷൻ ഓഫീസർ

## അനുബന്ധം-2

**സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന കൈവരിക്കാൻ കഴിഞ്ഞ പുരോഗതി**

സംസ്ഥാനസർക്കാരിന്റെ പ്ലാൻ ഫണ്ടിൽ നിന്നും ഏകദേശം 430 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായ വിവിധ നിർമ്മാണ പ്രവൃത്തികളായ ഇൻഡോർ സ്റ്റേഡിയം/ടർഫുകൾ/സിന്തറ്റിക് ട്രാക്ക്, ഗ്രൗണ്ടുകളുടെ നിർമ്മാണവും പുനരുദ്ധാരണവും, സ്വിമ്മിംഗ് പൂൾ മുതലായ പ്രവൃത്തികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന വിവിധ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കി വരുന്നുണ്ട്.

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 1061 കോടിരൂപയുടെ 58 പദ്ധതികൾ കായിക വകുപ്പിന് കീഴിൽ അനുവദിച്ചിട്ടുണ്ട്. 14 ജില്ലാ സ്റ്റേഡിയങ്ങളും മറ്റ് പ്രാദേശിക/മേഖല സ്റ്റേഡിയങ്ങളുമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 630.51 കോടി രൂപ അടങ്കൽ വരുന്ന 27 കിഫ്ബി പദ്ധതികൾ മുൻ എസ്.പി.വി.യായ കിറ്റ്കോയിൽ നിന്ന് മാറ്റി സ്പോർട്സ് കേരള ഫൗണ്ടേഷനെ ഏല്പിച്ചു. അതിൽ 14 പ്രവൃത്തികളുടെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിക്കുകയും ആയതിൽ 5 പദ്ധതികൾക്ക് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭ്യമാകുകയും നിലവിൽ 3 പ്രവൃത്തികൾക്ക് ദർഘാസ് ക്ഷണിക്കുകയും കരാറുകാരുമായി എഗ്രിമെൻറിൽ ഏർപ്പെടുകയും ആയതിൽ 2 പദ്ധതികളുടെ പ്രവൃത്തി ആരംഭിച്ചിട്ടുമുണ്ട്.

സർക്കാർ രൂപീകരിച്ച ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതിയ്ക്കായി ജനപ്രതിനിധികളുടെ ശിപാർശ പ്രകാരം ഒന്നാംഘട്ടമായി 124 കളിസ്ഥലങ്ങളുടെ പ്രാഥമിക ലിസ്റ്റിന് അംഗീകാരം ലഭിച്ചിരുന്നു. എം.എൽ.എ/എം.പി/തദ്ദേശ സ്വയംഭരണ ഫണ്ട് വിഹിതം ലഭ്യമായ 49 കളിക്കളങ്ങളിൽ 45 കളിക്കളങ്ങൾക്ക് കായികയുവജനകാര്യ ഡയറക്ടർ പ്ലാൻ ഫണ്ടും, എം.എൽ.എ/എം.പി./ തദ്ദേശ സ്വയംഭരണ ഫണ്ടും ചേർത്ത് സമഗ്രഭരണാനുമതി നൽകുകയും ചെയ്തു. ഇതിൽ 43 പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സാങ്കേതികാനുമതി നൽകുകയും 42 പ്രവൃത്തികൾക്ക് ദർഘാസ് ക്ഷണിക്കുകയും ഇതിൽ 26 പ്രവൃത്തികൾക്ക് എഗ്രിമെൻറിൽ ഏർപ്പെടുകയും, 17 പ്രവൃത്തികൾ വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്.

രാജ്യത്തുടനീളമുള്ള കായിക വിനോദങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ഖേലോ ഇന്ത്യ പദ്ധതി. നിലവിൽ കേരളത്തിൽ ഖേലോ ഇന്ത്യ പദ്ധതി പ്രകാരം 7 കോടി രൂപ ചെലവിൽ തൃശ്ശൂർ കുന്നംകുളം സ്പോർട്സ് ഡിവിഷനിലെ സിന്തറ്റിക് ട്രാക്കും ഗ്യാലറി ബിൽഡിംഗും, 7 കോടി രൂപ ചെലവിൽ കണ്ണൂർ പരിയാരം മെഡിക്കൽ കോളേജിൽ സിന്തറ്റിക് ട്രാക്കും ഗ്യാലറി ബിൽഡിംഗും പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ 2023-24 ഖേലോ ഇന്ത്യ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി 6 പദ്ധതികളുടെ ഡി.പി.ആർ. അംഗീകാരത്തിനായി കേന്ദ്രസർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. അതിൽ ഇടുക്കി ജില്ലയിലെ കാമാക്ഷി ഗ്രാമപഞ്ചായത്തിലെ ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിനായി കേന്ദ്രസർക്കാരിൽ നിന്നും 08.04.2024 ന് 3 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും, സാങ്കേതികാനുമതി നൽകി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

സർക്കാരിന്റെ എല്ലാവർക്കും ആരോഗ്യം എന്ന പ്രഖ്യാപിത ലക്ഷ്യത്തിൻറെ ഭാഗമായി സംസ്ഥാനത്ത് തുടക്കം കുറിച്ച സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെൻററുകളിൽ 16

എണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഒരെണ്ണത്തിന്റെ പ്രവൃത്തി നടന്നുവരികയുമാണ്.

സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് കുടുംബശ്രീ മുഖേന എല്ലാ സ്ത്രീകളിലേയ്ക്കും സ്വയം പ്രതിരോധത്തിനായി കരാട്ടെ പരിശീലനം നൽകി വരുന്ന ധീരം എന്ന പദ്ധതിയാണ് സ്പോർട്സ് കേരള ഫൗണ്ടേഷൻ നടപ്പിലാക്കി വരുന്നത്. അതോടൊപ്പം കായിക യുവജനകാര്യാലയത്തിൽ നിന്നുള്ള വിവിധ പദ്ധതികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന നടപ്പിലാക്കി വരുന്നു. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**പഞ്ച്**- 8 വയസ്സുമുതൽ 16 വയസ്സു വരെയുള്ള കുട്ടികൾക്ക് ഗ്രാസ് റൂട്ട് ലെവലിൽ ബോക്സിംഗ് പരിശീലനം നൽകി വരുന്ന പദ്ധതി.

**ജൂഡോക്കാ**- 8 വയസ്സുമുതൽ 12 വയസ്സു വരെയുള്ള കുട്ടികൾക്ക് ഗ്രാസ് റൂട്ട് ലെവലിൽ ജൂഡോ പരിശീലനം നൽകി വരുന്ന പദ്ധതിയാണിത്.

**ഹെൽത്തി കിഡ്സ്**- കേരളത്തിലെ 55 പ്രൈമറി സ്കൂളുകളിലെ കുട്ടികൾക്ക് അടിസ്ഥാന മോട്ടോർ ഗുണങ്ങൾ/ കായിക ക്ഷമതയും പൊതു ജനാരോഗ്യവും ലക്ഷ്യമിട്ട് നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്.

നവംബർ 2021-ൽ കണ്ണൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ വിജയകരമായി പൂർത്തീകരിച്ച സീനിയർ വുമൺ നാഷണൽ ഫുട്ബോൾ ചാമ്പ്യൻഷിപ്പും, 2022 മെയ് മാസത്തിൽ മഞ്ചേരി, കോട്ടപ്പടി സ്റ്റേഡിയത്തിൽ വച്ച് നടന്ന സന്തോഷ് ട്രോഫി ടൂർണമെൻറിന്റെ അവസാന റൗണ്ട് മത്സരങ്ങൾ എസ്.കെ.എഫ് മുഖേനയാണ് നടത്തിയത്. 2023 നവംബറിൽ കേരള - ക്യൂബ സംയുക്തമായി കൈകോർത്ത ഇൻറർനാഷണൽ ചെ ചെസ് ചാമ്പ്യൻഷിപ്പ് സംഘടിപ്പിച്ചത് എസ്.കെ.എഫ് മുഖേനയാണ്.

കായിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന 2024 ജനുവരിയിൽ ഇൻറർനാഷണൽ സ്പോർട്സ് സമ്മിറ്റ് സംഘടിപ്പിച്ചിരുന്നു. ഇന്ത്യയിൽ ആദ്യമായി സംഘടിപ്പിച്ച അന്താരാഷ്ട്ര സ്പോർട്സ് സമ്മിറ്റിൽ 8 രാജ്യങ്ങളിൽ നിന്നുള്ള അതിഥികളും, മറ്റു സംസ്ഥാനത്തെ കായിക വിദഗ്ധരും സംസ്ഥാനത്തെ കായിക രംഗത്തെ പ്രഗൽഭരും പങ്കെടുത്തിരുന്നു. ഈ അന്താരാഷ്ട്ര സ്പോർട്സ് സമ്മിറ്റിന്റെ ഭാഗമായി 25 പദ്ധതികളിലായി 5025 കോടി രൂപയുടെ നിക്ഷേപവാഗ്ദാനം ലഭ്യമായിട്ടുണ്ട്.

ഫുട്ബോൾ പ്രതിഭകളെ തിരഞ്ഞെടുക്കുന്നതിനും പരിശീലനം നൽകുന്നതിനും റയൽ മാഡ്രിഡ് ഫൗണ്ടേഷനുമായി സഹകരിച്ച് ആർ.ബി.എസ് കോർപ്പറേഷൻ സമർപ്പിച്ച പദ്ധതിയുടെ ആദ്യഘട്ടം ആരംഭിച്ചു. അടിസ്ഥാന കായിക പരിശീലന മേഖലയിൽ ഇന്ത്യ ഖേലോ ഫുട്ബോൾ പ്രഖ്യാപിച്ച പദ്ധതിയും നടപ്പ് സാമ്പത്തിക വർഷം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

**സെക്ഷൻ ഓഫീസർ**